**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2883** **25-06-2024 - ൽ മറുപടിയ്ക്ക്**

**തൊണ്ടി മുതൽ മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം വന ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും ഒ.ആർ.കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ മോഷണം പോയത് അന്വേഷിക്കാൻ കൺസർവേറ്ററുടെ നേതൃത്വത്തിൽ രൂപീകരിച്ച സംഘത്തിന്റെ കണ്ടെത്തൽ പ്രകാരം ഏതൊക്ക ഒ.ആർ.കേസിലുൾപ്പെട്ട തൊണ്ടി മുതലുകളാണ് മോഷണം പോയിട്ടുള്ളതായി കണ്ടെത്തിയത് എന്ന് വെളിപ്പെടുത്താമോ; | (എ) | തിരുവനന്തപുരം വന ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും ഒ.ആർ.കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ മോഷണം പോയത് അന്വേഷിക്കാൻ ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല . |
| (ബി) | പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ടി റിപ്പോർട്ട് പ്രകാരം എത്ര ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തി; അവർക്കെതിരെ നാളിതുവരെ സ്വീകരിച്ച വകുപ്പുതല നടപടികൾ വിശദീകരിക്കാമോ; | (ബി) | തിരുവനന്തപുരം വന ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും ഒ.ആർ.കേസുകളിൽ ഉൾപ്പെട്ട തൊണ്ടി മുതലുകൾ മോഷണം പോയത് അന്വേഷിക്കാൻ ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സംഘത്തിന്റെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല . |
| (സി) | തൊണ്ടി മുതൽ പരുത്തിപ്പള്ളി റെയിഞ്ച് സ്റ്റോക്കിൽ എടുക്കാത്തതുമായി ബന്ധപ്പെട്ട് 14 വർഷം മുൻപ് അന്നത്തെ ഡി.എഫ്.ഒ. ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ മേൽ ഓഫീസിലേക്ക് സമർപ്പിച്ച കത്ത് ഇ1 -3141/10 തിയതി 17/09/2010 പ്രകാരം നാളിതുവരെ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (സി) | പരുത്തിപ്പള്ളി റെയിഞ്ചിലെ വിവിധ ഒ.ആർ കേസുകളിലെ തൊണ്ടി മുതലുകളായ ചന്ദന സാമഗ്രികൾ റെയിഞ്ചിലെ സ്റ്റോക്കിൽ ഇല്ലാത്തത് സംബന്ധിച്ച തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 17.09.2010 തീയതിയിലെ ഇ1-3141/2010 നമ്പർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫ്ലയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന അന്വേഷണം നടത്തി 21.05.2019-ൽ പി.റ്റി.98/2010 നമ്പർ കത്ത് പ്രകാരം അന്വേഷണ റിപ്പോർട്ട് വനം വകുപ്പ് ആസ്ഥാനത്തു സമർപ്പിച്ചിട്ടുണ്ട്. മേൽ റിപ്പോർട്ടിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുള്ളതിനാലും കൂടുതൽ കേസുകളിലെ വിലപിടിപ്പുള്ള തൊണ്ടി വഹകൾ നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുള്ളതിനാലും ഫോറസ്റ്റ് കൺസർവേറ്റർ (ഐ&ഇ) കോട്ടയത്തിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചു അന്വേഷണം നടത്തി വരുന്നു. |
| (ഡി) | പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ. 11/2005 കേസിൽ ഉൾപ്പെട്ട തൊണ്ടി മുതൽ എവിടെ സൂക്ഷിക്കുന്നതായാണ് അന്വേഷണ സംഘം കണ്ടെത്തിയിട്ടുള്ളത്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ